# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T-2078 6.10.2016-ൽ മറുപടിയ്ക്ക്

## മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) കേരളത്തിലെ മലയോര മേഖലകളെ ബന്ധിപ്പിച്ച് കടന്നു പോകുന്ന മലയോര ഹൈവേയുടെ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (എ) കേരളത്തിലെ മലയോര പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഹൈവേ നടപ്പാക്കുന്നതിനുവേണ്ടി കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവു മുതൽ തിരുവനന്തപുരം ജില്ലയിലെ കടക്കറ വരെ നിലവിലുള്ള റോഡ് വികസിപ്പിച്ച് ഉയർത്തുവാനാണ് മലയോര ഹൈവേ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഇതിനായി G.O.(MS)No.44/09/PWD dated 6/7/2009 പ്രകാരം 1195 കി.മീ. ദൈർഘ്യമുള്ള NATPAC നിർദ്ദേശിച്ച അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്. മലയോര പ്രദേശങ്ങളിലെ ഗതാഗതകുരുക്ക് ഒഴിവാക്കി യാത്ര കൂടുതൽ സുഗമമാക്കുന്നതിന് അനിവാര്യമായ മലയോര ഹൈവേ നിർമ്മിക്കുന്നതിന് മുന്തിയ പരിഗണനയാണ് സർക്കാർ കൊടുക്കാനുദ്ദേശിക്കുന്നത്. |
| (ബി) മലയോര ഹൈവേയുടെ നിർമ്മാണത്തിനായി ലേ ഔട്ട് തയ്യാറാക്കുന്നതിനുവേണ്ടി ടെൻഡർ ക്ഷണിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) മലയോര ഹൈവേ പദ്ധതിയ്ക്കായി നാട്പാക് അലൈൻമെന്റ് പ്ലാൻ തയ്യാറാക്കുകയും ടി അലൈൻമെന്റ് ~~പ്രകാരം~~ G.O.(MS)No.44/09/PWD dated 6/7/2009 പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (സി) മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാനാകുമോ? | (സി) മലയോര ഹൈവേ ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ